ഭരണഭാഷ-മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി**
**വികാസ്ഭവൻ, തിരുവനന്തപുരം**

വിഷയം:- ഡി.ഇ.എസ് - വിജിലൻസ് - ശ്രീ.ഗോപകുമാർ.എ, സീനിയർ ഗ്രേഡ് ഡ്രൈവർ - ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ച സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 16/12/2017 ലെ ഇ(1) 1962/2017/ഡിഒറ്റി നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. വിജിലൻസ് 30894/2017/ഡിഇഎസ്, തീയതി. 04/01/2018**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ആഫീസിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.ഗോപകുമാർ.എ 11/12/2017 രാവിലെ പത്ത് മണിക്ക് മുൻപായി ആഫീസിൽ എത്തി ഹാജർ രേഖപ്പെടുത്തുകയും തുടർന്ന് ജോലിയിൽ പ്രവേശിക്കാതെ ആഫീസ് വിട്ട് പോവുകയും തുടർന്നുള്ള ദിവസങ്ങളിൽ ജോലിയ്ക്ക് ഹാജരായിട്ടില്ല എന്നും ആഫീസിൽ വരാത്തതിന് കാരണം അറിയിക്കുകയോ അവധിയ്ക്ക് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിന് ഉചിതമായ ശിക്ഷ നൽകണമെന്നും പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സീനയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.എ.ഗോപകുമാറിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി കേരള സിവിൽ സർവ്വീസ് (നിയന്ത്രണവും തരം തിരിക്കലും അപ്പീലും) ചട്ടങ്ങൾ 1960 10 (1) (എ) പ്രകാരം ഉടൻ പ്രാബല്യത്തിൽ സർവ്വിസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ.എ.ഗോപകുമാറിന് നിയമാനുസൃതമായ ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

ശ്രീ.എ.ഗോപകുമാർ
ഡ്രൈവർ സീനിയർ ഗ്രേഡ് (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ് :
1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ആഫീസ്, തിരുവനന്തപുരം
2) ഡെപ്യൂട്ടി ഡയറക്ടർ,കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) ജീവനക്കാര്യ വിഭാഗം
4) ഫയൽ / കരുതൽ ഫയൽ

സി സി 04/01